**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2875** **13-02-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സഹകരണ മന്ത്രാലയത്തിൻ കീഴിൽ ആരംഭിച്ച മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ എത്രയെണ്ണം കേരളം കൂടി പ്രവർത്തന മേഖലയായി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ വെബ് സൈറ്റ് പ്രകാരം കേരളം ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് കേരളം പ്രവർത്തന പരിധിയായിട്ടുള്ളതും മറ്റ് സംസ്ഥാനങ്ങൾ ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് കേരളം പ്രവർത്തന പരിധി ആയിട്ടുള്ളതുമായ 81 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അതിന്റെ ശാഖകളും പ്രവർത്തിച്ചുവരുന്നു.<br><br>കൂടാതെ 2023-ൽ ദേശീയതലത്തിൽ കേന്ദ്ര സർക്കാർ രൂപീകരിച്ച<br>1. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>2. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br>3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br><br>എന്നീ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തന പരിധി ഇന്ത്യ മുഴുവൻ ആണ്. |
| (ബി) | കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി മൾട്ടി സ്റ്റേറ്റ് ആകുന്നതിന് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി മൾട്ടി സ്റ്റേറ്റ് ആകുന്നതിന് തയ്യാറായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാന സഹകരണ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നിക്ഷേപങ്ങൾക്ക് നൽകുന്നതിലും കൂടുതൽ പലിശ ഇത്തരം മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ കേരളത്തിൽ വാഗ്ദാനം ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ കൂടുതൽ പലിശ നൽകുന്നത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ | (സി) | ഉണ്ട്.<br><br>മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ കൂടുതൽ പലിശ നൽകുന്നത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കും. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ച ശേഷം തിരികെ നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ നല്ല നിലയിൽ |

| | | | |
|---|---|---|---|
| | ബാധിക്കില്ലേ; ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതിന് കാരണമാകും.<br><br>അംഗങ്ങൾ/ നിക്ഷപകർ/ പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാലും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളെ തിരിച്ചറിയുന്നതിനു വേണ്ടിയും എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ<br><br>“Multi State Co-operative Societies are functioning as autonomous cooperative organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer’s Welfare. Therefore, the depositors/ members are advised to take decision for investing deposits based on the performance of the society at their own risk. Central Registrar, Ministry of Agriculture and Farmer's Welfare does not guarantee for these deposits”<br><br>എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് കേന്ദ്ര സഹകരണ സംഘം രജിസ്ട്രാറിന് അയച്ചുകൊടുക്കുന്നതിനു മാത്രമേ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറിന് അധികാരമുള്ളൂ. മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ